PALLATH RAMAN

032:1M92:11
F3

MURUGAN BINDING WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

O32:1M92:11 F3
RAMAN (P)
Prakrithi Vilasam

MUL
091614

**Madras University L**

DOCTRINA VIM PROMOVET INSITAM

Call Number 032:1M92:

Accession Number 91614

Available for loan from

This book should be returned on or
the date last marked below.

O. 61

B.V. BOOK DEPOT, TRIVANDRUM.

# പ്രകൃതിവിലാസം.

# Selections from Wordsworth

BY

PALLATH RAMAN,

*With a foreword by*

ULLUR S. PARAMESWARA IYER M.A., B.L., M.R.A.S.,

*Senior Secretary to the Government of Travancore,*
*Member, Malayalam Board of Studies, Madras.*

---

# പ്രകൃതിവിലാസം

ഗ്രന്ഥകൎത്താ:

പള്ളത്തു് രാമൻ.

---

ഒന്നാംപതിപ്പു് 500 പ്രതികൾ

---

PUBLISHED BY

K. A. KANNAN, BRITISH COCHIN.

1923.

Price 8 Annas] *Rights Reserved.* [വില ൮ അണ

16 AUG 19

PRINTED AT THE VIDYA VINODINI PRESS, TRICHUR.

91614

032:1M92:11
F3

16 AUG 1917

# അവതാരിക.

അനല്പമായ പ്രതിഭാവിലാസത്താലും അസാമാന്യമായ പരിശ്രമത്താലും കേരളീയയുവകവികൾക്കിടയിൽ പ്രഥമഗണനീയമായ ഒരു സ്ഥാനത്തിന്നവകാശിയായി തീൎന്നിരിക്കുന്ന പണ്ഡിതർ പള്ളത്ത് രാമനവർകളുടെ "പ്രകൃതിവിലാസം" എന്ന പ്രസ്തുത ഗ്രന്ഥത്തെ സഹൃദയസമക്ഷം അവതരിപ്പിക്കുന്നതിൽ എനിക്കു പ്രത്യേകസന്തോഷമുണ്ട്. മിസ്ററർ രാമൻ "പത്മിനി" എന്ന ഭാഷാഖണ്ഡകാവ്യം എഴുതി കുറെ കൊല്ലങ്ങൾക്കു മുമ്പ് പ്രസിദ്ധീകരിച്ച കാലത്തുതന്നെ അദ്ദേഹത്തിന്റെ അപൂൎവ്വമായ കവനപാടവം എന്റെ ഹൃദയത്തെ ആവൎജ്ജിച്ചിരുന്നു. അതിൽ പിന്നീട് അദ്ദേഹം 'മംഗളോദയം', 'കവനകൌമുദി' മുതലായ പല മലയാളമാസികകളിലും ഇംഗ്ലീഷിൽനിന്നു ഭാഷാന്തരമായും, അനുകരണമായും, ചില അവസരങ്ങളിലെല്ലാം സ്വതന്ത്രമായും അനേകം ലഘുപദ്യകൃതികൾ എഴുതി പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. അവ പ്രായേണ ശബ്ദാൎത്ഥങ്ങളിൽ തുല്യനിഷ്കൎഷത്തോടുകൂടി എഴുതപ്പെട്ടിട്ടുള്ളവയും മനുഷ്യഹൃദയത്തെ വിമലവും വിപുലവുമാക്കുന്നതിന്നു പൎയ്യാപ്തങ്ങളുമാണെന്നാണ് എനിക്കു തോന്നീട്ടുള്ളതു്. 'പ്രകൃതിവിലാസം' എന്ന പ്രസ്തുത ഗ്രന്ഥത്തിലും മിസ്റ്റർ രാമനു സ്വതസ്സിദ്ധമായി ഞാൻ കണ്ടാനന്ദിച്ചിട്ടുള്ള കാവ്യഗുണങ്ങളെല്ലാം പൂൎണ്ണമായി പ്രതിഫലിച്ചിരിക്കുന്നു.

ആംഗലസാഹിത്യത്തെപ്പററി എന്തെങ്കിലും അറിവുള്ളവൎക്കു "വില്യംവേഡ്സ്വത്ത്" (William Wordsworth) എന്ന മഹാകവിയേയോ പ്രകൃതിപൂജകന്മാരിൽ അഗ്രഗണ്യനായിരുന്ന അദ്ദേഹത്തിന്റെ കവിതകളേയൊ, അവ നിമിത്തം ആ ഭാഷാസാഹിത്യത്തിന്നും, നാടിന്നുതന്നേയും ഉണ്ടായിട്ടുള്ള അഭ്യുദയത്തേയൊ പററി വല്ലതും പറഞ്ഞു കേൾക്കേണ്ടാവശ്യം ഉണ്ടായിരിക്കു

കയില്ല. പൂർവ്വസൂരികളുടെ കവനകല്യകളിൽനിന്നു ലഭിച്ചുവന്ന ക്ഷാരവചോരസത്തിന്റെ നിസ്സാരത എത്രമാത്രമാണെന്നു ആ പുണ്യപുരുഷന്റെ വാഗ്ഗംഗാജലത്തിനുള്ള മാധുര്യം അനുഭവിച്ചു തുടങ്ങിയ കാലം മുതല്ക്കാണ് പാശ്ചാത്യസഹൃദയന്മാർ ഗ്രഹിച്ചതു്. 'വേഡ്സ്വത്തി'ന്റെ കവിതയ്ക്കുള്ള അകൃത്രിമരാമണീയകം അദ്ദേഹത്തിന്റെ ഹൃദയത്തിന്റെ വിശാലതയ്ക്കും ജീവിതത്തിന്റെ പാവനതയ്ക്കും അനുഗുണമായിരിക്കുവെന്നേ പറയേണ്ടതുള്ളു.

ആ മഹാകവിയുടെ ഗ്രന്ഥങ്ങളിൽ അവിടവിടെയായിക്കിടക്കുന്ന സൂക്തിതല്ലജങ്ങളെത്തേടിപ്പിടിച്ചു് അവയെ ആംഗലഭാഷാനഭിജ്ഞന്മാരായ കേരളീയജനങ്ങളുടെ ഉപയോഗത്തിനും ഉപഭോഗത്തിനുമായി മലയാളത്തിൽ—അതേരീതിയിൽത്തന്നെ—തർജ്ജിമചെയ്ത മിസ്റ്റർ രാമന്റെ വ്യവസായം എല്ലാപ്രകാരത്തിലും അഭിനന്ദനീയമായിരിക്കുന്നു. ഭാഷാസാഹിത്യത്തിന്റെ പരിപൂർണ്ണമായ ഉൽഗതിക്കു ഈ മാതിരിയിലുള്ള തർജ്ജിമകൾ ഏററവും ആവശ്യകമാണ്. മിസ്ററർ രാമൻ മേലും 'ഷെല്ലി' 'ബ്രൌണിങ്ങ്' മുതലായ ആംഗലമഹാകവികളുടെ ഖണ്ഡകൃതികളിൽ ചിലതെല്ലാം ഭാഷാന്തരപ്പെടുത്തുന്നതായാൽ അതു ഭാഷസാഹിത്യത്തിന്നു് അമൂല്യമായ ഒരു സ്വത്തായിരിക്കും. മിസ്ററർ രാമന്റെ സാഹിതീലതയ്ക്കു് അത്യന്തം ശോഭനമായ ഒരു ഭാവിയെ ആശംസിക്കുന്നതിൽ പരമായി ഈ അവതാരികയെ സംബന്ധിച്ചു് ഇനി ഒന്നും എന്നാൽ കരണീയമായിട്ടുണ്ടെന്നു തോന്നുന്നില്ല. പ്രകൃതിവിലാസത്തിന്നു് ഒട്ടനേകം കനിഷ്ഠസഹോദരന്മാർ ജനിച്ചു കാണുവാൻ ഭാഷാഭഗവതിയോടു ഹൃദയപൂർവ്വമായി പ്രാർത്ഥിച്ചുകൊള്ളുന്നു.

| | |
|---|---|
| തിരുവനന്തപുരം | ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ. |
| 19—1—'98. | എം. ഏ., ബി. എൽ., എം. ആർ. എ. സ്. |

—ഠാഠഠാ—

Extracts from the introduction of M.R.Ry.
S. PARAMESWARA IYER Avl., M.A., B.L., M.R.A.S.

I have indeed great pleasure in introducing to the literary world the work before me entitled "Prakrithi Vilas" by Mr. Pallath Raman who, by the richness of his creative fancy and his untiring energy, has claimed for himself the pre-eminent place among his young contemporary poets of Kerala. Even when Mr. Raman published his short poem "Padmini" some years ago, his rare poetic talents had attracted my mind. Since then, he has published many short poems in various literary journals, either in the form of translations, adaptations or original works, which are, in my opinion, written with due care both in point of loveliness of execution, subtelity of conception and they are certain to contribute largely to the purifying and the ennobling of the human heart.

Mr. Raman deserves congratulations on his excellent selection and translation of the scattered gems from the great poet's treasure, without marring in the least, the grace and splendour of the originals.

Such translations are highly conducive to the healthy growth of Malayalam Literature. If Mr. Raman will render into Malayalam, Selections from Shelley, Browning and other great English Poets also, his works will be very valuable additions to our literature.

# PUBLISHER'S NOTE.

It is a matter of pride and pleasure to me to be able to publish a work of my brother-in-law, Mr. Pallath Raman. These translations were done a decade ago and appeared periodically in the famous poetical journal "the Kavanakaumudi". His poetical talents are too well known to the public to need any introduction. Kerala Varma, the Prince of Poets, has predicted for him a future full of promise and has remarked that he is endowed with talents of a type that distingnish our first-rate poets, Messrs Ullur and Vallathol. His lyrical poems have found favour with the reading public by their sublimity of thought and by their fineness of form and finish and a touch of philosophic turn. His keen observations of men and manners, his pen-pictures of simple and humble life are the outstanding features of his muse.

In Mr. Ullur's unbiassed estimation, Mr. Raman is the foremost among his young contemporaries. His translations from Tagore have been highly commended by the critics of the day and they have invariably established his superiority: His graceful translation of Kalidasa's famous erotic poem is also unique in its own way. He has made a comparative study of Tagore and Wordsworth and an article on the subject has appeared in the "Atmaposhini."

"Sahithyarama" a collection of his scattered poems—lyrical, diadectic and narrative with a foreward by the master pen of Mr. Ullur is to follow shortly, which no doubt, will be hailed by all clases of literature. My experience in Travancore tells me that our Asan and Pallath have many ardent admirers all over. Mr. Raman was recently elected a member of the "Malayalam Improvement Committee" at the Literary Conference, to discuss the various educational and literary problems. This also bears testimony to his high attainments and prominent position in the literary world. Poetry will pour out from his versatile pen only during vacations, and then you will see him entirely enveloped in its charm. From very early days, he was thrown into the company of books and bookmen, his brother being the Managing Proprieter of a long standing and well-known press, Book-Depot and a Journal—a rare chance to a literary aspirant.

I fear I have attempted a short sketch of his. We are proud of our poets and poetry and by nothing a land is so glorious as by her poetry. May Mr. Raman be spared long to fulfil his message is the fervent hope and prayer of his loving brother-in-law.

K. A. K.

# വിഷയാനുക്രമണിക.


മഴവില്ല്

| | | |
|---|---|---|
| 1. | ചിത്രശലഭത്തിനോട് .... ... ... | 1 |
| 2. | ഒരു പ്രശാന്തരാത്രി. .... ... ... | 3 |
| 3. | ശിശു. ... ... .... .... | 4 |
| 4. | വാനമ്പാടി. ... .... ... ... | 5 |
| 5. | വസന്തകോകിലം. ... .... .... | |
| 6. | മാലിനി. .... .... .... ... | 8 |
| 7. | ഒരു കർഷകൻ .... ... ... .... | 11 |
| 8. | നിദ്രയോട്. .... .... .... .... | 15 |
| 9. | പ്രകൃതിപ്രഭാവം. ... .... .... | 16 |
| 10. | ഒരു കുടിൽ കണ്ടിട്ട്. ... ... ... | 18 |
| 11. | പുഷ്പവാടി. .... ... ... .... | 20 |
| 12. | ഒരു പരിശുദ്ധസ്നേഹം I .... ... ... | 21 |
| 13. | ഒരു സായംസന്ധ്യ ... .... .... .... | 23 |
| 14. | പൂഞ്ചോല. ... ... ... ... | 25 |
| 15. | ഒരു പരിശുദ്ധസ്നേഹം. II ... ... .... | 26 |
| 16. | ബാല്യസ്മരണം. ... ... .... ... | 29 |

18 AUG 1947

# വില്യം വേർഡ്സ്വത്ത്.

ഈ പാശ്ചാത്യമഹാകവി 1770 എപ്രിൽ 7-ാംനു-യാണു ഭൂജാതനായതു്. കുട്ടിക്കു് എട്ടു വയസ്സു പ്രായമുള്ളപ്പോൾ, അമ്മ അന്തരിച്ചുപോയി. വേഡ്സ്വത്തിൻെറ ശീലക്കേടു നിമിത്തം മററുള്ള മക്കളേക്കാൾ മാതാവിന്നു് ഈക്കുട്ടിയുടെ ഭാവിഗതിയെക്കുറിച്ചു് അല്പം അസ്വാസ്ഥ്യമുണ്ടാകാതിരുന്നില്ല. കൌമാരകാലത്തു, ദുശ്ശാഠ്യം കണക്കിലേറെയുണ്ടായിരുന്നുവെന്നു കവിതന്നേ സമ്മതിക്കുന്നുണ്ടു്.

1787-ൽ വേഡ്സ്വത്ത് കേംബ്രിഡ്ജ് സെൻറ ജോൺ കലാശാലയിൽ പ്രവേശിച്ചു. ഈ നവീനപരിസരം ക്ലേശകരമായിരുന്നെങ്കിലും, മനസ്സിന്നു് അശേഷം ഗ്ലാനത തട്ടിയില്ല. പ്രകൃതിമാതാവിൻെറ പരിലാളനമേററാണു് ഈ വരകവി വളൎന്നുവന്നതു്. മന്ദസമീരണനും, ബാലാൎക്കകിരണങ്ങളും, കളിച്ചു പുളച്ചൊഴുകുന്ന കല്ലോലിനികളും മററും ഈ മഹാകവിയുടെ ഹൃദയത്തിൽ വിവിധചിന്തകളെ അങ്കുരിപ്പിച്ചു. ലോകാവലോകത്തിൽ കവിക്കു സൂക്ഷ്മദൃഷ്ടിയുണ്ടായിരുന്നു.

മഹാശയനായ ബെക്കുമായി നമ്മുടെ കവി പരിചയപ്പെട്ടു. സാഹിത്യത്തിലെന്നപോലെ രാജ്യതന്ത്രവിഷയത്തിലും ഇദ്ദേഹത്തിന്നു് അക്കാലത്തു് അഭിനിവേശം ഉണ്ടായിരുന്നു. ഫ്രഞ്ച് രാഷ്ട്രീയവിപ്ലവത്താൽ കവിയുടെ ഹൃദയം വല്ലാതെ കലങ്ങി. സമഭാവന, സാഹോദൎയ്യം എന്നീ ഗുണങ്ങളെ പരിപോഷിപ്പിക്കുന്നതിനു പല കവനങ്ങളും പ്രചരിപ്പിച്ചു. ഈ അഗാധചിന്തകന്നു് അതിരുകവിഞ്ഞ ദേശാഭിമാനമുണ്ടായിരുന്നു.

പ്രിയസോദരിയായ ഡോറോത്തിയാണു കാവ്യകർമ്മത്തിൽ സർവ്വപ്രകാരേണയും തന്നെ പ്രേരിപ്പിച്ചിരിക്കുന്നതെന്നും, അല്ലെങ്കിൽ പലവിഷയങ്ങളിലേയ്ക്കും തന്റെ ബുദ്ധി പതറിപ്പോകുമായിരുന്നുവെന്നും കവി പറയുന്നു. കോളറിഡ്ജും വേഡ്സ്വർത്തും വളരെ സൌഹാർദ്ദത്തിലാണു വർത്തിച്ചിരുന്നതു്. സോദരിയൊന്നിച്ചു വേഡ്സ്വർത്തു ജർമ്മനിക്കു പോയി. കുറച്ചിട കോളറിഡ്ജും കൂടെയുണ്ടായിരുന്നു. അവിടേനിന്നു മടങ്ങിവന്ന ശേഷം പല വിശിഷ്ടകാവ്യങ്ങളും ഇദ്ദേഹം വിരചിച്ചു. മനുഷ്യൻ, പ്രകൃതി, സമുദായം എന്ന ഉപാധികളെ അധികരിച്ചു ചിന്താപരങ്ങളായ പല കവനങ്ങളും പുറപ്പെട്ടു. പ്രകൃതിയുടെ അക്ഷയസൌന്ദര്യത്തേയും അത്ഭുതമഹിമകളേയും നമ്മുടെ ലോകമഹാകവി ഉൽഗാനം ചെയ്യു. കണ്ണുണ്ടെങ്കിലും ജനങ്ങൾ കാണുന്നില്ല; കാതുണ്ടെങ്കിലും കേൾക്കുന്നില്ല. ഒരുവക വികാരവുമില്ല; ഒന്നുമൊട്ടറിയുന്നതുമില്ല എന്നാണു കവി വിഷാദിക്കുന്നതു്.

സ്വാനുഭവത്തിന്റെ അകൃത്രിമപ്രതിച്ഛായകളാണു തന്റെ കവനതല്ലജങ്ങൾ. പ്രപഞ്ചഭണ്ഡാഗാരത്തിന്റെ മുക്കിലും മൂലയിലും തന്റെ ഭാവനാചക്ഷുസ്സു നിർബ്ബാധം വ്യാപരിക്കുന്നു. എല്ലാം ചൈതന്യപൂർണ്ണമായ് താൻ കാണുന്നു. തന്മയത്വവും ലാളിത്യവും തന്റെ കവിതയുടെ മുഖ്യഗുണങ്ങളാണു്. ഉത്തേജിതമായ ഹൃദയത്തിന്റെ ഒരു സൃഷ്ടിയാണു കവിത എന്നു വേഡ്സ്വർത്ത് പ്രസ്താവിച്ചിരിക്കുന്നു. ആശയങ്ങളുടെ ഗാംഭീര്യവും രചനയുടെ സൌകുമാര്യവും അന്യാദൃശമാണെന്നു പറഞ്ഞേ തീരു.

സങ്കരഗ്രാഹ്യഭാഷയിലായിരിക്കണം കവിത എന്നു് ഇദ്ദേഹം സിദ്ധാന്തിക്കുന്നു. ക്ലേശമോ, അലങ്കാരധോരണിയോ കൂടാതെ കാവ്യം കവി ചിന്തിക്കുംപോലെ, മററൊരാളോടു സാധാരണ സല്ലപിക്കുംപോലെ, സ്വയമേവ പൊട്ടിപ്പുറപ്പെടുന്നതായിരിക്കണം എന്നുള്ള സ്വമതത്തെ കവി അനുപദം അനുഷ്ഠിച്ചിട്ടുണ്ടു്.

1800_ൽ പ്രസിദ്ധസാഹിത്യകുശലനായ സ്കോട്ടും നമ്മുടെ കവിയും തമ്മിൽ പരിചയപ്പെട്ടു. ഷെല്ലി, ഷോസർ, ഡ്രൈയ്ററൻ, ഡാനിയൽ, സിഡ്നി എന്നീ പൂർവ്വകവിസൂരികളുടെ കവിതാസരണിയെ പരിശോധിച്ചു നോക്കി. മിൽട്ടൺ, സ്പെൻസർ എന്ന സുഗൃഹീതനാമാക്കളുടെ കാവ്യസമ്പത്തിൻെറ നിലയും വിലയും ചുഴിഞ്ഞറികയും, അവരിൽ ആദരാതിശയം ജനിക്കയും ചെയ്തു. ഇക്കാലത്തു തൻെറ കവിതാരീതിക്കു് ഒരു നവീനത ഉണ്ടായിട്ടുണ്ടു്.

1843_ൽ സതിയുടെ നിര്യാണദശേഷം വേഡ്സ്വത്തിനു കവിസാർവ്വഭൗമ (Poet Lawreate) സ്ഥാനം ലഭിച്ചു. 1850_ൽ നമ്മുടെ മഹാകവി യശശ്ശരീരമാത്രനായി. വേഡ്സ്വത്തിൻെറ കൃതികൾ പ്രകൃതിയുടെ നേർപകർപ്പുകളാണു്. മററുള്ള മിക്ക കവികളേക്കാളും, മിൽട്ടനേക്കാൾതന്നെയും, കാവ്യോദ്ദേശ്യത്തെ നിഷ്കർഷയോടെ കണ്ടറിഞ്ഞു പ്രവർത്തിച്ചിട്ടുള്ളതു പ്രകൃതിഗായകനായ വേഡ്സ്വത്താണെന്നു പറയണം —Chamber's Encyclopeadia of English Literature.

———oo:o:oo———

# മഴവില്ല്. (Rainbow)

---

മാനത്തു മിന്നും മഴവില്ലു കാൺകവേ,
മനസ്സു മേലോട്ടുകുതിച്ചിടുന്നുമേ.
കൌമാരകാലത്തിലുദിച്ച കൌതുകം
സമാനമിന്നെന്നുടെ യൌവനത്തിലും.

2.

ജരാനരാധീന ദിനാന്തരത്തിലും,
ധരാധിവാസാവധിയായിടുമ്പൊഴും,
നിരർഗ്ഗളം നിൽക്കണമാക്കുതൂഹലം
* നരൻെറ താതൻ ശിശുവാണു നിർണ്ണയം.

3.

നൈസർഗ്ഗികപ്രേമഭരാദരങ്ങളാൽ,
നൈർമ്മല്യമാളുന്ന മദീയനാളുകൾ
പരസ്പരം ചേർത്തുതൊടുത്ത പോലവേ
നിരന്തരം കാണ്മതിനുണ്ടു കാംക്ഷിതം.

---

* മുളയ്ക്കു മൂല്യം വിളവെന്നു നിർണ്ണയം.

# Selections from Wordsworth

## പ്രകൃതിവിലാസം.

### I

### ചിത്രശലഭത്തിനോട്.

പറന്നുപോകാതരികത്തു നിൽക്കെടോ!
കുറച്ചുനേരം കുതുകാൽ പതംഗ! നീ
പറഞ്ഞിടാൻ മേ പലതുണ്ടു നിന്നൊടെൻ-
ചെറുപ്പനാളിൻ സുചരിത്രകാരക! 1

ഒഴിഞ്ഞുപോകാതരികെക്കളിക്കുകെൻ-
കഴിഞ്ഞ കാലങ്ങൾ പുതുക്കിടുന്നു നീ!
നിഴൽക്കുതുല്യം മമതാതഗേഹമുൾ-
മിഴിക്കു ചേർക്കുന്നിതു ചിത്രപത്ര! നീ. 2

രസിച്ചു മത്സോദരിയോടുകൂടി ഞാൻ
ലസിക്കുമീ പ്രാണിയെ വേട്ടയാടുവാൻ
ഹസിച്ചുകൊണ്ടോടി നടന്നനാകുലം
വസിച്ചൊരശ്ശൈശവകാലമേ സുഖം! 3

കടന്നു കുണ്ടും കുഴിയും; കടുത്തമുൾ-
പ്പടർപ്പിലും ചാടി നടന്നു പണ്ടു ഞാൻ;

മടിച്ചു മത്സോദരി പുണ്യശീലയാൾ
തുടങ്ങുവാൻ പൊഞ്ചിറകിൽപ്പെട്ടും പൊടി. 4

വിരിഞ്ഞൊരിപ്പൂവിൽ വിലീനനായി നീ-
യിരിപ്പതെന്തിങ്ങിനെ യെത്രനേരമായ്?
ശരിക്കുറങ്ങിടുകയോ? മധൂളിയാ-
ഹരിക്കയോ നീ? യറിയുന്നതില്ല ഞാൻ. 5

ഇളക്കമില്ലാതെഴമാഴിപോലിതാ
വിളങ്ങിടുന്നു വികസിച്ച പൂവിൽ നീ
തളിർത്ത തൈവല്ലികളെസ്സമീരണൻ
കളിച്ചു പുൽകുംപൊഴുതെന്തു് നിൻസുഖം! 6

സുമംഗളാരാമമിതന്യമല്ല; യീ-
ദ്രുമങ്ങളെല്ലാമിവനുള്ളതാണെടൊ!
സുമങ്ങളോ, സോദരി തന്റെയും; നിന-
ക്കമന്ദമിങ്ങൊന്നു തളച്ചു തീർത്തിടാം. 7

അടുത്തിളംകൊമ്പിലിരിക്ക നീ! ഭയ-
പ്പെടുത്തുമെന്നുള്ളൊരു ശങ്ക വേണ്ടതേ!
സ്ഫുടാദരം ബാല്യകഥാമൃതം കഥി-
ച്ചിടാം വരൂ! നീയിവിടെക്കനാരതം. 8

പ്രഭാകരൻ ബാലകരം പരത്തിടും
പ്രഭാതകാലം, കിളിതൻ കളസ്വനം,
സ്വഭാവരമ്യം മധുമാസ,മിവിധം
ശുഭാകൃതേ! ശൈശവവൃത്തമോതിടാം. 9

———

## II.

## ഒരു പ്രശാന്തരാത്രി.

താരാകലാപൻെറ കാന്തിപ്രവാഹത്തിൽ
നീരാടിനിൽക്കുന്ന നീരദപാളികൾ
നീരന്ധ്രമായിത്തിരശ്ശീലപോലവേ
പാരം വിയത്തിൽപ്പരന്നു ചമഞ്ഞുതേ. 1

തിങ്ങിനിൽക്കും മുകിൽമാലാന്തരാളത്തിൽ
മങ്ങിമങ്ങിത്തിളങ്ങിടുന്നു തിങ്കളും,
പൊങ്ങും പുരങ്ങൾ മരങ്ങളിവയിൽനി-
ന്നെങ്ങും നിലത്തു നിഴൽപ്പാടുകാണ്മില. 2

ഏകാകിയായി നിലത്തുനോക്കി ശ്രദ്ധ-
യേകാതെപോകുന്ന പാന്ഥനുടൻതന്നെ
ലോകാഭിരാമമാം കാഴ്ചയാൽക്കൺമിഴി-
ച്ചാകാശദേശത്തു നോക്കും ദശാന്തരേ; 3

വാരിവാഹങ്ങൾ പിളർന്നുനീങ്ങി; പ്രഭാ-
പൂരിതനായിപ്പുറമെ പ്രകാശിച്ചു,
ദൂരവേകാണുമാറായി, മനോഹര-
താരഹാരാളിപരീതനാം ചന്ദ്രനെ. 4

ഐശ്വര്യവിദ്യാദിയെല്ലാമിരിക്കിലും,
ശശ്വൽപ്രസന്നതാഹീനരാം ലോകരേ!
വിശ്വവിമോഹനൻ ചന്ദ്രങ്കൽനിന്നൊരു
ശാശ്വതമായുള്ള പാഠം പഠിക്കുവിൻ! 5

## III.

## ശിശു.

പിണക്കമിബ്ബാലകശീലമെങ്കിലും,
ക്ഷണം നമുക്കിഷ്ടമറിഞ്ഞിണക്കിടാം;
ഉണച്ച്വ നൈർമ്മല്യവിലാസമീവിധം
ഗുണങ്ങൾതിങ്ങുന്നൊരു രംഗമാണിവൻ. 1

ഇളങ്കുരുന്നോടിടയുന്നമേനി, നി-
ഷ്കളങ്കമന്ദസ്മിതമഞ്ജുളാധരം,
വിളങ്ങുമാക്കണ്ണുമന കൌശലംകല-
ന്നിളക്കലും കൌതുകഹേതുവല്ലയോ? 2

അടുപ്പിൽമിന്നും ചെറുകൊള്ളിപോലവേ
പടുത്വമാളുന്നൊരു പൈതലാമിവൻ
അടുത്തുകൂടുന്ന ജനത്തിനൊക്കെയും
കൊടുത്തിടുന്നു മിഴികൾക്കൊരുത്സവം.

അനന്തസൌഭാഗ്യമെഴും കുമാരക-
ന്നനർഗ്ഗളോല്ലാസമിദം സ്വയംകൃതം;
നിനക്കിലേകാന്തതപോലുമിയിവ-
ന്നനല്പസന്തോഷകരം സഭാതലം! 4

ശ്രുതിദ്വയത്തിന്നു സദാ സുധാരസ-
സ്രുതിക്കുതുല്യം ചില പാട്ടുപാടിയും,
ഗതിക്കു നാനാവിധമോടി കൂട്ടിയും,
മതിക്കു നൽകുന്നു മഹാസുഖം ശിശു. 5

## IV.

## വാനമ്പാടി.

വാനമ്പാടിവിഹംഗവീര! കുതുകം
പൂണ്ടെന്നെയും കൊണ്ടുനീ
മാനത്തേയ്ക്കു മനോജ്ഞഗായകമണേ!
മന്ദം പറന്നീടെടോ!
ഗാനത്തിന്നതിനുണ്ടു ശക്തി! നിയതാ-
നന്ദം നിനക്കേകുമാ-
സ്ഥാനം കണ്ടണയുംവരെയ്ക്കു വഴി മേ-
കാട്ടിസ്സഹായിക്ക നീ! 1

ഹാ കാടും മലയും കടന്നു നടകൊ-
ള്ളാറുണ്ടു പണ്ടൊക്കെ ഞാ-
നാകാത്തായതിന്നെന്നുമിന്നു; ഹൃദയം
വല്ലാതെ വാട്ടുന്നു മേ;
ലോകാഹ്ലാദക! രണ്ടു പൂഞ്ചിറകെനി-
യ്ക്കുണ്ടായിരുന്നെങ്കിലി-
ന്നാകാശത്തയി! നിന്നൊടൊപ്പമുടനീ
ഞാനും പറന്നെത്തുമേ! 2

ഗാനം നീയമൃതോപമം ഖഗപതേ!
പെയ്യീടവേ ദിവ്യമാ-
മാനന്ദാനുഭവം മനസ്സിലുളവാ-
യീടുന്നു മന്ദേതരം

മാനത്തേയ്ക്കു മമതാമോടിയന്നെയും
പൊക്കിപ്പറക്കു! സുഖ-
സ്ഥാനം നീ തിരയുന്നതെങ്ങു,വിടെയി-
ന്നെന്നേയുമെത്തിയ്ക്കണേ! 3

ശ്രീലാളിച്ച പുലർച്ചപോലെ മഹിതോ-
ന്മേഷസ്വഭാവംപെട്ടും
നീ,ലാക്കോട്ടുലകിന്റെ പോക്കുകളറി-
ഞ്ഞെന്തോ ഹസിയ്ക്കുന്നിതോ?
ലീലാലാലസനാം ദ്വിജോത്തമ! നിന-
ക്കിഷ്ടം പെട്ടും കാന്തയും
ചേലാളുന്നൊരു കൂട്ടമുണ്ടു; കുശലം
ഹാ! നിൻ ഗൃഹസ്ഥാശ്രമം. 4

സ്വാതന്ത്ര്യത്തോടു സർവ്വലോകപതിയെ-
സ്സ്വാന്തം കുളുർപ്പിച്ചിടും
ഗീതത്താൽ സ്തുതിചെയ്തു, വാനിൽ വിഹരി-
ച്ചീടും വിഹംഗോത്തമ!
സ്ഫീതശ്രീ കലരുന്ന നിന്റെ ചരിതം
ചിന്തിച്ചു ചേതസ്സിലു-
ണ്ടാതങ്കം; മമ ജീവിതം കഴിയവേ,
വാഞ്ഛിച്ചിടാം വൻസുഖം. 5

## V.
## വസന്തകോകിലം.

പൂമധുതോല്ക്കും നിൻ പാട്ടുകൾ കേട്ടു ഞ—
നോമലുദ്യാനപ്പൂങ്കോകിലമേ!
സഞ്ചരിച്ചീടുന്ന സംഗീതമാണോ നീ!
പഞ്ചമംപാടുന്ന പൈങ്കിളിയോ?
പച്ചപ്പുൽപ്പട്ടുനിലത്തു കിടന്നു നി—
ന്നുച്ചമാമൊച്ചയിൽ മോദംകൊൾവൂ!
സാരസ്യമേവം നിൻ സംഗീതാലാപങ്ങൾ
ദൂരത്തും ചാരത്തുമൊപ്പം കേൾപ്പൂ.
ബാലദിവാകരകാന്തിയേയും, പുഷ്പ—
ജാലങ്ങളേയും പൂകഴ്ത്തിച്ചെമ്മെ
സാനുക്കളോടു നീ ചൊൽകിലും, ചിന്തയ്ക്കു
സാനന്ദം നൽകുന്നു സൽക്കഥമെ.
നിസ്തുലരാഗമോ, ദൃശ്യമല്ലാതുള്ള
വസ്തുവോ നീയൊരു മായതാനോ?
ഗീതവിശാരദ! നീയൊരു പക്ഷിയായ്
ചേതസ്സിലേതുമേ തോന്നിലല്ലോ.
മാമകവിദ്യാർത്ഥിജീവിതകാലത്തു—
മീമനോമോഹനഗാനം കേട്ടു,
മാമരക്കൊമ്പിലും മാനത്തും മററും ഞാൻ
പ്രേമത്താൽ നോക്കിനിന്നീടുമല്ലോ.
വാസന്തിപ്പൂക്കൾ തൻ വാസനാധോരണി
വാസംചെയ്യിട്ടും വസന്തനാളിൽ
രാഗം പൊഴിക്കുന്ന പൂങ്കുയിലേ! പൂണ്ട—
സ്വാഗതം സർവ്വദാ സ്വാഗതം തേ!

———

## VI.

## മാലിനി.

നയനനവനിലാവാം മാലിനിപ്പെൺകിടാവെ-
പ്രിയമൊടു പലരോതിപ്പണ്ടുഞാൻ കേട്ടിരിപ്പൂ;
വയൽവഴിയൊരുനാൾ ഞാൻ സഞ്ചരിക്കുന്നനേരം
കയൽമിഴിമണിയാമിക്കുട്ടിയെക്കണ്ടുമുട്ടി. 1

പ്രിയസഖികളുമില്ലാ, ബന്ധുവർഗ്ഗങ്ങളില്ലാ,
വയലിടയിലൊരേടം വാണിരുന്നാ കുമാരി;
സ്വയമിരുമിഴികൾക്കും നൽസുധാധാരപോലേ
നിയതമിവൾ വിളങ്ങി നിർമ്മലാഗാരലക്ഷ്മി. 2

ഹരിതനിറമിണങ്ങും പുൽപ്രദേശത്തു കാണാം
ഹരിണശിശുവിനേയും നന്മുയൽക്കുട്ടിയേയും;
ഹരിവരകടിയാളാം 'മാലിനീ'നാമ ചേതോ-
ഹരിയുടെ മുഖപത്മം കാണുവാൻ വയ്യ മേലിൽ! 3

"നിശയിതു മമ ബാലേ! ഘോരമാം കൂരിരുട്ടും
പിശറുമുടയതല്ലോ പോകനീ! പട്ടണത്തിൽ
ശശധരമുഖി! മാതാവിനു നീ മഞ്ഞിലൂടെ-
കുശലതയൊടു ദീപം കാട്ടിയിങ്ങോട്ടുപോരൂ." 4

മമതയൊടതു ചൊല്ലാമച്ഛ! ഞാനിച്ഛപോലെ-
സ്സമയമധികമായിട്ടില്ല സായാഹ്നമല്ലോ.
ക്രമമൊടു മണിനാലിങ്ങിപ്പൊഴേ മുട്ടിയുള്ളൂ;
കമലിനിയുടെ കാന്തൻ താഴുമാറായതില്ല. 5

തെളിവുടയൊരു ദീപം കയ്യിലേന്തിസ്സലീലം
നളിനമിഴിനടന്നാൾ നല്ല മാൻപേടപോലെ!
തളിരടികൾ പതിച്ചേച്ചിന്നിമേല്പോട്ടുയൎന്നു
കുളിരിളകിന മഞ്ഞിൻധൂളി ധൂമാളിപോലെ. 6

കരുതിയ സമയത്തിന്നൊട്ടുമുമ്പെക്കരോരം
തരുനിരകൾ പുഴക്കും വങ്കൊടുങ്കാററടിച്ചു;
ഇരുളിലമല, കുന്നും കുണ്ടുമൊക്കെക്കടന്നു
വിരുതൊട്ടു; നഗരത്തിൽ ച്ചെന്നുചേൎന്നില്ല കഷ്ടം. 7

അനഘയവളെ നോക്കിപ്പേർവിളിച്ചും, കരഞ്ഞും
മനമുരുകി നടന്നു രാവിൽ മാതാപിതാക്കൾ;
തനയയുടെ പദത്തിൻ പാതമോ നാദമോ ദു-
ൎദ്ദിനമിതിൽ വഴികാട്ടാനൊന്നുമുണ്ടായതില്ലാ. 8

മകളെയവിടെയെങ്ങും കണ്ടുകിട്ടായ്കയാല-
ന്നകതളിരതിതാപത്തിയിൽ വാട്ടിക്കഴിച്ചു;
പകലവരൊരു കുന്നിൽക്കേറി നോക്കീടവേ തെ-
ല്ലകലെയൊരു മരത്തിൻ പാലമാഹന്ത! കണ്ടു. 9

സുലളിതതനുവാമീ യോമനപ്പെൺകിടാവിൻ-
മലരടിയടയാളം മഞ്ഞിൽ മാതാവു കാണ്കെ,
"അലമിനി; പരലോകത്തങ്ങു നമ്മൾക്കു കാണാം."
വിലപിതമൊടിവണ്ണം ചൊല്ലിമെല്ലെത്തിരിച്ചു. 10

നിനവു പലതുമേന്തിക്കുന്നിൽ നിന്നങ്ങിറങ്ങി-
ത്തനയയുടെ പദത്തെ പ്പാൎത്തുടൻ പിന്തുടൎന്നു;

അനവധി ചെറുവൃക്ഷക്കൂട്ടവും മുൾപ്പടപ്പും
ഘനകദനഹതന്മാർ ബുദ്ധിമുട്ടിക്കടന്നു. 11

സുമതികളിരുപേരും നീണ്ടപാടം കടന്നു;
വിമലയുടെ പദത്തിൻ പാടുതാൻ പാർത്തതെല്ലാം;
ക്രമമൊടതിനെ നീളെപ്പിന്തുടർന്നങ്ങമന്ദ-
ശ്രമമൊടവരൊടുക്കം പാലമുള്ളേടമെത്തി. 12

ഹിമധവളിതമാകും തീരമാർഗ്ഗത്തിലൂടെ-
ക്ഷമയൊടവർ നടന്നാർ പാലമദ്ധ്യം വരെയ്ക്കും;
ഭ്രമരചികുരയാമിബ്ബാലികാമാലികയ്ക്കു-
ള്ളമലചരണചിഹ്നം പിന്നയോ കണ്ടതില്ല! 13

സുലഭസുകൃതയാമിക്കുട്ടി ജീവിച്ചിരിപ്പ-
ണ്ടുലകിലിതുവരെയ്ക്കെന്നെത്ര പേരോതിടുന്നു?
നലമുടയൊരു ബാലാരൂപമാനിർജ്ജനശ്രീ
വിലസിന വനഭൂവിൽക്കണ്ടിടാറുണ്ടുപോലും! 14

നളിനനയന പിന്നോട്ടേതുമേ നോക്കിടാതെ-
ത്തെളിവൊടു പലമാർഗ്ഗം തേടി നീളെച്ചരിപ്പൂ!
കളിയൊടവൾ പൊഴിക്കും നിർജ്ജനസ്ഥാനഗാനം
കുളിരിളകിന കാറ്റിൽച്ചേർന്നു മൂളുന്നു മന്ദം. 15

## VII

## ഒരു കൃഷകൻ.

(കേക)

ഭൂതകാരുണ്യം തെല്ലുമില്ലാത്ത കൂട്ടർക്കായോ,
കൈതവപരിഷ്കാരം നടിക്കുന്നവർക്കായോ,
ചേതസ്സിൻ വികാസമില്ലാതുള്ള ലോകർക്കായോ
പൂതമാം കഥയിതു കഥിച്ചീടുന്നതല്ല.

പൂമങ്ക നൃത്തംചെയ്യും 'പുരളീപുര'ത്തിങ്കൽ
കോമളശരീരനാം 'കോമപ്പൻ' വസിക്കുന്നു
തൂമഞ്ഞുതോല്ക്കും മുടിയവന്നു കിരീടവും
പ്രേമമേറിടും വടി ചെങ്കോലുമത്രേ ചിത്രം! 2

നേത്രങ്ങൾ രണ്ടും പ്രഭാപാത്രങ്ങളത്രേ; നിജ
ഗാത്രശക്തിയാൽ ഗണ്ഡമണ്ഡലം രക്തോജ്ജ്വലം!
പാടത്തു ബാലാരുണകതിരും മഞ്ഞും തട്ടി-
പ്പാടലനിറമേവം ബാല്യകാലത്തു നേടി. 3

നിത്യവും പാടങ്ങളിൽച്ചരിച്ചും; പ്രകൃതിത-
ന്നത്യന്തരമ്യഭാവം കണ്ടുകണ്ടാനന്ദിച്ചും;
സ്തുത്യമാമതിഥിസല്ക്കാരങ്ങൾ ചെയ്തും കൃത-
കൃത്യനായുണ്ടു പാർത്തു 'പൂഞ്ചോലക്കര'നാട്ടിൽ. 4

ഔദാര്യവാരാശിതൻ നിർമ്മലമതിപോലേ!
കേദാരസ്ഥലി പാടെ സൽഫലദാത്രിയായി!

വേദാന്തവേദ്യൻ തന്റെ പാദത്തെ സ്മരിച്ചുയാൾ
ഖേദാന്തംവരുമാറു നിത്യതൃപ്തനായ് വാണു. 5

തിങ്ങിടും ക്ഷേമത്തോടും കോമപ്പൻ കൃഷിക്കാര-
നിങ്ങനെ സംവത്സരം മൂപ്പതു കഴിക്കവേ,
മുങ്ങിപ്പോയ് കൃഷിയെല്ലാം; മങ്ങിപ്പോയ് ഭാഗ്യദീപം;
പൊങ്ങിയും താണും ചലിച്ചീടുമേ കാലചക്രം! 6

ഇരന്നോ, പണം കടംവാങ്ങിയോ കഴിയാതെ-
ത്തരമില്ലാതെയായി; കോമപ്പൻ കുഴങ്ങിനാൻ;
പരമാനന്ദംപൂണ്ടു വാണൊരാ വന്ദ്യനേവം
ദുരദൃഷ്ടത്തിൻശക്തിയാരുമേ ശങ്കിച്ചീല! 7

അടുത്തുള്ളവരെല്ലാം വേണ്ടതു യഥാശക്തി
കൊടുത്തു; കോമപ്പനെദ്ദാരിദ്ര്യംബാധിച്ചില്ല;
പടുത്വം മേന്നോരയാൾ നിത്യവൃത്തിക്കുമാത്ര-
മെടുത്തു കിട്ടുംപണം; ശേഷമോ ദാനംചെയ്തു. 8

ഈവിധം വസിക്കുമ്പോളൊരിക്കൽ ഭാവിയായ
ജീവിതം നയിക്കുവാൻ നല്ലൊരു തരംനോക്കി.
കൈവിട്ടു വാസസ്ഥലം പുരളീപുരേ പോയി
മേവിനാനവനേതും മാനസമിളകാതെ. 9

ആകവേ നരച്ചുള്ള മുടിയും ശരീരമാ-
മേകവിത്തവുമായി കോമപ്പൻ കൃഷീവലൻ
ലോകയാത്രയിൽപ്പലതൊഴിലും പരീക്ഷിച്ചു
ശോകമെന്നിയേ വാണാൻ സുചിരം നഗരത്തിൽ.

ഇത്തരം സ്ഥിതിവന്നു ചേരുകിൽ മനുഷ്യൎക്കു
ചിത്തരംഗത്തിനുണ്ടാമിടിവെന്നിരിക്കിലും,
അത്തവ്വിലൊരു പത്തു വയസ്സു കുറഞ്ഞമ-
ട്ടുത്തമനയാൾ ശക്തിയുക്തനായ്ക്കാണപ്പെട്ടു. 11

ഇരട്ടിച്ചിതു ചോരയോട്ടവും; മുഖത്തോരോ
നരച്ച രോമത്തിന്നും പുതിയോരുയിർ വീണു;
തിരക്കും തേനീച്ചകൾ തേൻകൂട്ടിലെന്നപോലേ
വിരലൊക്കെയും ചൊടി പൂണ്ടിതു പണ്ടേതിലും. 12

ചേതസ്സിൽക്കുതൂഹലമുളവാക്കുന്നതായ
നൂതനസാധനങ്ങൾ കാൺകയാലനുദിനം
ആതങ്കമുണ്ടായതി,ല്ലെന്നല്ലാ ചെറുപ്പത്തിൽ
ജാതമാമാഹ്ലാദവും കണ്ടിതു കോമപ്പനിൽ. 13

ഉരുകും വേനലെന്തു? കൊടുങ്കാറ്റയാൾക്കെന്തു്?
തെരുവീഥിക്കുമേലെപ്പായുന്ന മേഘങ്ങളെ
പെരുകും ശ്രദ്ധയോടേ നോക്കിനില്പതു കണ്ടാൽ-
ക്കരുതും പത്തു കൊയ്ത്തുകാരയാൾക്കുണ്ടെന്നാരും.

വാട്ടമേല്ക്കാതെയുള്ള പൂക്കളും, താഴും ഫല-
ക്കൂട്ടവും മഴക്കാലമാഹാത്മ്യം വെളിവാക്കി
തോട്ടത്തിൽ നില്ക്കും നില കണ്ടി,തു നട്ടുണ്ടാക്കാൻ
പെട്ട പാടോൎത്തു സാധു കോമപ്പൻ ചിരിച്ചിടും. 15

ചന്തമേറീടും പല വാഹനങ്ങൾക്കു മദ്ധ്യേ,
ഹന്ത! മന്ദമായ്ച്ചരിക്കുന്നൊരു വൈക്കോൽ വണ്ടി

അന്തരംഗത്തെക്കാന്തമെന്നമട്ടാകൎഷിക്കും;
വന്തരംഗങ്ങൾപോലെപ്പൂൎവ്വചിന്തകൾ പൊന്തും. 16

ചിലപ്പോൾച്ചന്തയിൽപ്പോയൊരുകൈ വട്ടോൽ-
ബ്ബലമായ് മന്നമാട്ടുംമട്ടത്തു മണപ്പിക്കും; (വാരി
പലകാലവും കൊയ്യു പൂഞ്ചോലക്കരെക്കൃഷി-
സ്ഥലവും കളവും തൻകരളിൽ സ്മരിച്ചീടും. 17

കന്നുകാലികൾ മേയും മൈതാനസ്ഥലത്തയാൾ
ചെന്നു നിന്നവയുടെ ഗതിയും, പ്രകൃതിയും,
തന്നുടെ താല്ക്കാലികസ്ഥിതിയും ചിന്തിച്ചീടു-
മെന്നും; ഇങ്ങനെയുള്ള,ങ്ങുടലിങ്ങുമായ് വാണു. 18

32.D.
91614
O32:1M92:11
F3

## VIII

## നിദ്രയോടു്.

അതിശാന്തമജവ്രജങ്ങൾതൻ-
ഗതിയും, വൃഷ്ടിനിപാതനാദവും,
മതിമോഹനമത്തഭൃംഗശബ്ദം-
കൃതിയും, ചാരു നദീപ്രവാഹവും. 1

മലയാനിലമന്ദചാരവും,
ജലധിക്കുള്ള തരംഗഘോഷവും,
പല ധാന്യഫലാഢ്യമായെഴും
നിലവും, നീലനഭസ്സുമിങ്ങനെ. 2

പല ചിന്തകൾ ചെയ്തു ഞാൻ വൃഥാ-
ഫലമാനിദ്രയെയൊന്നു പുൽകുവാൻ
ഉടനെൻ ശ്രുതിയിൽ പ്പതിക്കു*മുൽ-
കടമുദ്ധ്വാനപികാദിനിസ്വനം. 3

ഇരുരാത്രികൾ മാത്രമല്ല ഞാ-
നിതു മട്ടിന്നലെയും കഴിച്ചു പോൽ!
വശവർത്തിനിയായതില്ല;യീ-
നിശയിൽ കണ്ണിണയൊന്നു പൂട്ടണേ! 4

സരസം നവചിന്ത നൽകിടും
വരനിദ്രേ! തനുസൌഖ്യകാരിണി!
ഇരുനാളുകൾ വേർതിരിച്ചിടു-
ന്നൊരു ഭദ്രേ! ഭവതിക്കു വന്ദനം. 5

---

* നിദ്രാഭംഗത്താലാണു പ്രഭാതത്തിൽ കോകിലാരവംകൂടി കർണ്ണശൂലമായതു്.

## IX

## പ്രകൃതിപ്രഭാവം.

മതിമതിയെഴുന്നേൽക്കു! മത്സഖേ! നിങ്ങൾ നിൽക്കു!
കൃതികളഖില,മല്ലെന്നാകിലോ കുന്നുപോകും!
മതിമലരിനു നിത്യം ശല്യമേകുന്നതാമി–
പ്പതിവരുതിനി കണ്ണിന്നല്പമാശ്വാസമേകു. 1

കനകകിരണജാലം തൂകിയസ്താചലത്തിൽ–
ദ്ദിനപതി വിലസുന്നു ലോകനേത്രാഭിരാമം;
വനവിടപികൾ തങ്കച്ചാറിലാറാടിടുന്നു
ഘനപടലി വിചിത്രപ്പട്ടുപോലുല്ലസിപ്പൂ! 2

കൃതികൾ! അതുകളെല്ലാം ബുദ്ധിമാന്ദ്യം വരുത്തും;
മതി വരിക സുഹൃത്തേ! പൂങ്കുയിൽപ്പാട്ടു കേൾക്കു!
ശ്രുതിസുഖകരമായോരായതിൽച്ചേർന്നിരിപ്പൂ
മതിവികസിതമാകത്തക്കതത്വപ്രകാശം. 3

കുരുവി കുതുകിയായിപ്പാട്ടു പാടുന്നു കേൾക്കു!
വിരുതെഴുമുപദേഷ്ടാവാണവൻ നിർവ്വിവാദം.
പ്രതിനവമതിബോധം നിഷ്പ്രയാസം വളർത്തും
പ്രകൃതിയെ നിയതം നീ ശിഷ്യനായാശ്രയിയ്ക്കു. 4

സുകൃതികൾ നിജ ഭക്തർക്കേകിയാശീർവ്വദിപ്പാൻ
പ്രകൃതിയവധിയില്ലാസ്വത്തു സൂക്ഷിച്ചിരിപ്പൂ.
സ്വയമറിവു വളർത്തും ദേവിയാരോഗ്യമോടും
നിയതമരുളുമോരോ തത്വമാനന്ദമോടും. 5

തരുലതകൾ തളിർത്തും താർമണക്കാററടിച്ചും
നിരുപമസുഖമേകും കാട്ടിൽനിന്നേകപാഠം
വിരുതുടയ സമസ്താഭിജ്ഞരേകാൾ പ്രപഞ്ച-
പ്പൊരുളൊടു ഗുണദോഷജ്ഞാനവും നൽകുമല്ലോ. 6

പ്രകൃതി നിയതമേകും ജ്ഞാനസമ്പത്സമൂഹം
സുകൃതിസുലഭമാകുംമട്ടു മാധുര്യധുര്യം
അകൃതകരമണീയം വസ്തുവൈചിത്ര്യയാക്കാൻ
വികൃതഹൃദയരാകും നാം ശ്രമിക്കുന്നു കഷ്ടം! 7

മതി മതി-ബഹുശാസ്ത്ര ഗ്രന്ഥമെല്ലാമടച്ചു!
മതിവിരസതയോടച്ഛുഷ്കപത്രങ്ങൾ പാടേ
അതികുതുകമൊടോരോ വസ്തു നോക്കി ഗ്രഹിച്ചു-
ന്നതിനു ചതുരമായോരാശയം കൊണ്ടുപോരൂ! 8

## X

## ഒരു കുടിൽ കണ്ടിട്ട്.

മനോജ്ഞമാം കാനനസൂനരാജിയാ-
ലലംകൃതം പാഴ്ക്കുടിലൊന്നു കാണ്കെടോ!
വല്ലപ്പൊഴും തീപ്പുക പുല്ലു മേഞ്ഞതിൻ-
ദ്വാരത്തിലൂടെപ്പുറമേയ്ക്കു പൊങ്ങുമേ. 1

പ്രഭാകരൻതൻ പ്രഥമാംശുവാൽ സദാ
സംഭാവിതം പാഴ്ക്കുടിലെത്ര പാവനം!
നില്ക്കുന്നു നിർവ്യാജമനോജ്ഞമായിതാ
നീരാവിതൻ നിർമ്മലമാലപോലവേ. 2

പൊളിഞ്ഞ വാതിൽപ്പലകപ്പുറം, പരം
ചാഞ്ഞുള്ളൊരാമേൽപ്പുര പുഷ്പസംവൃതം
പരിഷ്കരിക്കാത്തൊരു മുററമിവിധം
നന്നെക്കിഴിഞ്ഞാണു കിടപ്പതെങ്കിലും, 3

പ്രലോഭനീയപ്രകൃതീശ്വരിക്കെഴും
പ്രേമത്തിനെന്നും കുറവില്ല തെല്ലുമേ
നിശ്ശബ്ദമായ് നാളു കഴിച്ചിടുന്നൊരി-
സ്സാധുക്കളിൽ സൌഹൃദമാചരിക്കുവിൻ! 4

വിനീതമല്ലോ മനുജസ്വഭാവം
സദാപി സദ്വൃത്തി വളർത്തിയെങ്കിലോ,
സർവ്വേശനാൽദ്ദർശിതമായമാർഗ്ഗ-
മൊന്നിങ്കലല്ലാതതു * കാലു വെച്ചിടാ. 5

* മനുഷ്യസ്വഭാവം.

കുന്നിന്റെ കൂടങ്ങളിൽനിന്നു കുത്തി-
യൊലിച്ചുചാട്ടും ചെറുചോലപോലുമേ
ആ നിർജ്ജനസ്ഥാനകുടീരമൈത്രി-
യേന്തിടവേ നിങ്ങളകന്നു നില്ക്കയോ!

അസ്പൃഷ്ടമായ് ദോഷകണങ്ങളാലേ,
സംശുദ്ധമായ്, സാധുദയാർദ്രമായുമെ,
വിളങ്ങുമുള്ളൊന്നു വിരിഞ്ഞിടുന്നോ?
കടന്നുനോക്കിട്ടുക പാഴ്ക്കുടിൽക്കകം. 7

—ം൦ം—

## XI.

## പുഷ്പവാടി.

ആരാമരമ്യതകൾ നോക്കി രസിച്ചിടുമ്പോ-
ളോരായിരം കളരവങ്ങളിവൻ ശ്രവിച്ചു!
ആനന്ദചിന്തകളിൽ നീന്തിന മാനസത്തിൽ
ദൂനതമല്പമറിയാതെയുദിച്ചുപോയി.

പ്രേമാത്മിക പ്രകൃതിദേവി ചമച്ചുവെച്ച
സാരസ്യധോരണി നരാനുഭവത്തിനത്രെ;
ഹാ! മാനുഷൻെറ മതികെട്ടൊരു മാർഗ്ഗമോർത്താ-
ണിമാനസത്തിലുളവായതകാണ്ഡശോകം. 2

വള്ളിക്കുടിൽക്കരികിലെന്നുടെ നാലുപാടും
തുള്ളിക്കളിച്ചു ചെറുപക്ഷികൾ പാടിടുന്നു;
എന്നാൽ പ്രയാസമറിവാനവതൻവിചാര-
മെന്നാലുമാക്കളികളാൽസ്സുഖമെന്നുറക്കാം. 3

ഹാ! ശുഭ്രഹാസമൊടു വല്ലികൾ വായുവേല്പാൻ
വീശുന്നിതാ മൃദുലമാം തളിർതാലവൃന്തം
ഈ മോഹനപ്രകൃതിലാസ്യലതാഗൃഹത്തി-
ലാമോദമേദുരതതാനിവനിന്നു കാണ്മൂ. 4

# XII

## പരിശുദ്ധസ്നേഹം

### I

ശ്രമഞ്ഞുംകൊണ്ടു തൂകുന്നിതു; ദിവി തെളിയാ-
        റായി നക്ഷത്രം; അപ്പോ-
ളിമട്ടിൽ കേട്ടു പൂന്തേനണിമൊഴികൾ 'കുടി-
        ച്ചോമനേ!' നീ കുടിക്കൂ!'
ഞാൻ, മന്ദം പൂച്ചെടിക്കാടിടയിൽ മിഴിയിള-
        ക്കിടവേ, കാണുമാറാ-
യോമൽപ്പെൺതയ്യലാളാമൊരുവളെയുമട്ട-
        ത്തുള്ള കുഞ്ഞാടിനേയും.

ചാരത്തില്ലാട്ടു വേറിട്ട,ജശിശു സുഖമായ്
        വാഴ്കയാണങ്ങുതാനേ;
പാരം നേർത്തുള്ള പാശാൽ ശിലയൊടുമതിനെ
        കെട്ടിയങ്ങിട്ടിരുന്നു;
സാരംഗക്കണ്ണിമൂട്ടൊന്നിളയതൃണമണി
        ക്ഷോണിയിൽ കുത്തി,വൈകു-
ന്നേരത്തെ'ത്തീററ' മഞ്ഞിൻനിറമണിമലയാ
        ട്ടിൻെറ കുട്ടിക്കു നൽകി.

നീലാളിക്കുന്തലാൾ തൻ കരതലകമല
        ത്താരിൽനിന്നാഹരിച്ചോ,
വാലാട്ടീടുന്നു മന്ദം രസമൊടു രമണി
        യാംഗനീമേഷബാലൻ

'ലീലാപൂർവ്വം കുടിക്കുന്നേൻ പ്രണയനിലയമേ!
        നീ കുടിക്കു'ന്നിവണ്ണം
ബാലാരത്നം കഥിക്കെബ്ഭലമൊടവൾ മന
        സ്സെന്മനസ്സിൽപ്പതിഞ്ഞു.

പൊന്നായ്പ്പോരിട്ട പൂമെയ്‌വടിവുടയവളി-
        ബ്ബാലികാമൌലിരത്നം!
നന്നായ്പ്പിക്ഷിച്ചു മോദാലിവനിരുവരെയും;
        രമ്യരീരണ്ടുപേരും.
ഇന്നാളികാക്ഷി പാണിത്തളിരിലെഴുമൊഴി-
        ഞ്ഞുള്ളപാത്രത്തൊടപ്പോൾ
പോന്നാൾ; മുന്നോട്ടു നാലഞ്ചടി വടിവിൽ നടന്ന-
        ങ്ങു തന്വംഗി നിന്നാൾ.

കാരുണ്യംചേർന്ന കണ്ണിൻമുനയെയവളതിൻ
        നേർക്കു പായിച്ചിടുമ്പോ-
ളാരും കാണാതെ നന്നായവളുടെ മുഖഭാ-
        വങ്ങൾ ഞാൻ കണ്ടറിഞ്ഞേൻ.
ആ രമ്യാംഗിക്കു നാവിൽ പ്രകൃതികവിത തോ-
        ന്നിക്കിലന്നിപ്രകാരം
ചാരുശ്രീചേരുമാടിൻ ശിശുവൊടവൾ മുദാ
        ചൊല്ലുമെന്നുള്ളിലോർത്തേൻ.

'എന്താണെന്നോമനേ! നീ തുടരുവതധുനാ
        കെട്ടു പൊട്ടിക്കുവാനാ
യെന്താ? തീനും കിടപ്പും തവ സുഖകരമാ-
        യിട്ടു തേന്നുന്നതില്ലേ?

സ്വാന്താനന്ദം വളൎത്തും നവതൃണമസൃണം
 നീ വസിക്കും പ്രദേശം;
സന്താപം വിട്ടു ചാഞ്ചാടുക; സപദിസുഖ-
 ക്കേടിനെന്തുള്ളു ബന്ധം?

തൽക്കാലം വാഞ്ഛയെന്താണകതളിരിൽനിന്ന,-
 ക്കെന്തു നീ തേടിടുന്നു?
മെയ്ക്കാകെശ്ശക്തിയില്ലേ തവ? പറയുക നീ
 സുന്ദരാകാരനല്ലോ;
ഇക്കാണും പുല്ലി,ളംപുല്ലനുപമ;സുകുമാ-
 രങ്ങൾ സൂനങ്ങളെല്ലാം,
ഇക്കാണും പച്ചനെല്ലിങ്കതിരുകൾ ചെറുകാ-
 റേററു മ്മൂളുന്നുമന്ദം!

"ചൂടേറീടുന്നതായാൽ, തവ ചരടുകുറേ
 നീട്ടിയീ നിൽക്കുമാലിൻ-
ചോടേ ചെന്നങ്ങുപററാം, തരമൊടുതണലേ-
 ററാശ്വസിക്കാം സുഖിക്കാം;
ആടേ! കുന്നിൻെറ കൂടങ്ങളിലുടയകൊടു-
 ങ്കാററിനെച്ചെററുപേടി-
ച്ചീടേണ്ടാ, ചണ്ഡവാതാദികളിവിടെയടു-
 ത്തൊന്നുമുണ്ടാകയില്ലാ."

## XIII
## ഒരു സായംസന്ധ്യ.

ശാന്തസുന്ദരമായ്ക്കാണ്മൂ
സന്ധ്യ താപസിപോലവേ

രക്തപ്രഭാരഞ്ജിതനായ്
രവി താഴുന്നിതാഴിയിൽ. 1

പ്രതാപമററ വൃദ്ധാൎക്ക-
പ്രശാന്തകരകന്ദളം
പ്രതിബിംബിച്ചു വാരാശി-
പ്രഭയൊന്നു പകൎന്നുപോയ്. 2

ഉണൎന്നൊരീ മഹാസത്വ-
മുന്നതോൎമ്മികരങ്ങളെ
ഇടിവെട്ടുന്ന മട്ടിപ്പോ-
ളടിച്ചലറിടുന്നിതാ! 3

വിലോഭനീയമദ്ദിവ്യ-
വിലോകനവശാച്ഛിശോ!
ഏകാന്തചിന്ത കൈവന്നി-
ട്ടേതും നീയിളകാഞ്ഞിലോ, 4

ബാല! നിൻ ശീലമിക്കാലം
ലീലാലാലസമല്ലയോ?
പേലവം മതി ലോകേശ-
ലോലമല്ലെന്നു വന്നിടാ. 5

പരഞ്ജ്യോതിഃപ്രവാഹത്തിൽ
നിരന്തര നിമഗ്നനായ്
നീ! രമിപ്പൂ! നിൎമ്മലാത്മൻ!
പരമജ്ഞേയമാം വിധം. 6

16 AUG 14 7



# XIV.

## പൂഞ്ചോല.

ലോലമായ തിരമാലയാന്ന് പൂ-
ഞ്ചോലയൊന്നിത! വിലോചനാമൃതം
ബാലവായു വിഹരിപ്പതാമിതിൻ-
കൂലമേ കവികുലോത്സവസ്ഥലം. 1

മോടിച്ചേർന്നൊരു ശിലാതലങ്ങൾ,പൂ-
വാടിവൃന്ദമിവയുള്ളിടങ്ങളിൽ
തേടിടും കുതുകി ചിത്രകാരനും
ചാടിടുന്നു തവ ചാരുവാംഗതി. 2

മായമോടു മിഴിനീരൊഴുക്കുചാ-
ലായമാംസളകപോലപാളിയും
ആയതേക്ഷണവു,മാശ്ശു നാശിയാം
കായവും തവ തരുന്നതില്ല ഞാൻ. 3

രക്തമാംസമയമായ മെയ്യിലും
രമ്യമാവരണമാർന്നു പാവനം
ദിവ്യചേതന വസിച്ചു നിന്നിൽ! നി
ഭവ്യനാണു നിയതം നിരാമയൻ. 4

## XV

## ഒരു പരിശുദ്ധസ്നേഹം.

### II

ഇന്നൊന്നാരോമലാളേ! തെളിവൊടു കളിയാ-
        ടീടു നീ! യെൻെറ താതൻ
നിന്നെപ്പണ്ടാദ്യമായിട്ടകലെയെവിടെയോ
        കണ്ടന്നാറം നീ മറന്നു;
കുന്നേറിക്കൂട്ടമായാടുകള,വിടെ നിന്ന
        ക്കാരുമുണ്ടായിരുന്നി-
ല്ലെന്നെന്നേയ്ക്കും കടുപ്പം തവ നികടതലം
        വിട്ടു നിന്തള്ളപോയി.

താതൻ കൈത്തണ്ടിലേററി,ക്കനിവൊടു കുടിയിൽ
        കൊണ്ടുചെന്നാക്കി നിന്നെ
ശ്രീതങ്കം നിൻെറ ഭാഗ്യോദയവിലസിതമാ-
        ണെന്നു നീ യെങ്ങുമേയും?
പൂതപ്രേമാർദ്രയായോരുപജനനി നിന-
        ക്ക,ണ്ടിതിന്മീതെ നോക്കി-
ല്ലാതങ്കം തീർത്തു, കുന്നിൻ കൊടുമുടിയിൽ വള-
        ത്തുള്ള നിന്തള്ളയാടും.

നിത്യം തേ രണ്ടുനേരം കരളലിവൊടുമി-
        ഷ്ടാജനത്തിൽ, കലങ്ങാ-
തത്യന്തം സ്വച്ഛമാകും ജലമരുവിയിൽനി-
        ന്നോമനേ! നൽകുമീ ഞാൻ;

നിത്യം തേ രണ്ടുനേരം നിലമിതുനിഖിലം
മഞ്ഞുതുകിക്കുളിത്താൽ,
കൃത്യം തെററാതെ പാലേകിട്ടു,മിതു പുതുതായ്
തെല്ലു ചൂടുള്ളതല്ലോ.

കാലംവൈകാതിരട്ടിച്ചിട്ടുമതിമൃദുവാ-
യുള്ള നിന്നംഗ,മപ്പോഠം
ലീലയ്ക്കായിട്ടു കുട്ടിക്കുതിരയൊടുസമം
നിന്റെ വണ്ടിയ്ക്കു കെട്ടും;
ബാലൻ നീ! ബാല ഞാനും കളികഠം തുടരുമേ!
ശീതവാതം വരുമ്പോ-
ളാലസ്യംവിട്ടുടപ്പാം തവശയനതലം,
വീടുനിൻ കൂട്ടമാകും.

ദൂരെക്കാണുന്ന കുന്നിൻകൊടുമുടികഠം കൊടു-
ങ്കാററുമാക്കുരിരുട്ടും
ഘോരം ചേരുന്നതല്ലോ; നയനമധുരമായ്
പച്ചയായ് തോന്നിയാലും
ഹാ രമ്യശ്രീവിശേഷത്തൊടു വിലസുവതായ്
തോന്നുമിത്തോടു പാടേ
പാരം കോപിച്ചിടുമ്പോളലറിടുമിരയെ-
ക്കണ്ട സിംഹത്തിനൊപ്പം.

ക്രൂരത്വം ചേൎന്നജന്തുക്കളെയിവിടെ നിന
ക്കോമനക്കുട്ടിയാടേ!
തീരെപ്പേടിച്ചിടേണ്ടാ, പകലിരവൊരുപോ-
ലിങ്ങു സംരക്ഷിതൻ നീ!

ചാരത്താകുന്ന ഞങ്ങൾക്കുടയ കുടി കര-
        ഞ്ഞെന്തു നീ കെട്ടഴിപ്പാ-
നാരംഭിപ്പൂ? ശയിച്ചീടുകയിവിടെ വെളു-
        പ്പിന്നു ഞാൻ വീണ്ടുമെത്തും!

കൈവന്നീടുന്ന മോദത്തോടുമിടവഴിയിൽ-
        ക്കൂടി ഞാൻ പോന്നിടുമ്പോൾ,
ആവൎത്തിച്ചേൻ മനസ്സിൽ പ്പലവുരുപരമി-
        പ്പദ്യ പാദങ്ങളെല്ലാം;
ഈവണ്ണം തോന്നിയപ്പോളിവനകതളിരിൽ
        ബാലികാമൌലിയാമീ-
ലാവണ്യാംഗിക്കു ചേരേണ്ടതു പകുതിയിതിൽ
        പാതിയെന്റേതുമത്രേ!

ഞാനിപ്പദ്യങ്ങൾ പാദംപ്രതി പുനരുരുവി-
        ട്ടപ്പൊഴോൎത്തുള്ളിൽ ഈ ന-
ന്മേനിപ്പൂമേനിയാളിൽപ്പകുതിയിലധികം
        ചേരുവാനാണു ന്യായം;
മാനിന്മാനം മുടിക്കുന്നൊരുമിഴിമുനയാ-
        ലുള്ള നോട്ടങ്ങളാൽ, പൂ-
ന്തേനിൽ ച്ചാലിച്ച വാക്കാൽ, അവളുടയ മന-
        സ്സെന്മനസ്സായതത്രേ.

## XVI.

## ബാല്യസ്മരണം.

(പാനം)

മഞ്ഞളാഭം മഴവില്ലു വാനത്തിൽ
മാഞ്ഞുപോകുന്നു; പിന്നെയും മിന്നുന്നു;
മന്ദഹാസം പൊഴിച്ചുനിന്നീടുന്നു
സുന്ദരങ്ങൾ പനിനീർസ്സുമങ്ങളും;
നഗ്നമായി നഭസ്സുനില്ലേ, പ്രഭാ-
മഗ്നനായിന്ദു നോക്കുന്നു ചുററുമേ;
താരഹാരമണിഞ്ഞുള്ള രാത്രിയിൽ
വാരിപൂരങ്ങൾ പാരം മനോഹരം.
ചാലവേ പൂർവ്വചക്രവാളാന്തരേ
ബാലഭാനു പിറപ്പതും ശോഭനം!
കഷ്ടം! എങ്കിലുമെങ്ങുപോയിടിലും,
ശിഷ്ടമായേറെ മോഹനമായെന്തോ?
വിഷ്ടപത്തിങ്കൽ നിന്നൊന്നു * ശാശ്വതം
നഷ്ടമായെന്നു ബോധമെനിക്കുണ്ടു്.

---

* ശൈശവസുഖം.

21 NOV 195

MUL
091614